# വചനവിചിന്തനം 2010 ജനുവരി 10, ഞായർ

# LK. 4:14-22

ആത്മാഭിഷേകം ലഭിച്ചവരുടെ ശുശ്രൂഷയ്ക്കു നൂതനമായ ചക്രവാളങ്ങളുണ്ടെന്ന് ഓർമ്മിപ്പിക്കുകയാണ് ക്രിസ്തു തന്റെ നയരേഖയിൽ;

''കർത്താവിന്റെ ആത്മാവ് എന്റെമേൽ ഉണ്ട് ''എന്നത് ക്രിസ്തു ദൗത്യത്തിന്റെ പ്രവാചകബോധമാണ്. അഭിഷേകം കൊണ്ടായിരുന്നല്ലോ തന്റെ ദൗത്യവാഹകരെ ദൈവം വേർതിരിച്ച് ഉയർത്തിയിരുന്നത്. എല്ലാ പ്രവാചകരുടേയും ബോധസീമകളിൽ പ്രവാചകത്വത്തിന്റെ പൂർണ്ണതയെപ്പറ്റി ഒരു സ്വപ്നമുണ്ടായിരുന്നു (15.7:14) അതാണ് ക്രിസ്തുവിൽ മനുഷ്യവത്കരിക്കപ്പെടുന്നത്.

പിതാവിന്റെ ആത്മാഭിഷേകമാണ് മനുഷ്യപുത്രനേയും രൂപാന്തരപ്പെടുത്തുന്നത്. അത് ക്രിസ്തുവിനു മാത്രം അനന്യമായിരുന്ന ദൗത്യത്തിനു വേണ്ടിയുള്ള അടയാളപ്പെടുത്തലാണ്. അനന്യമായ ഈ ശുശ്രൂഷയുടെ കർമ്മബലമാണ് സ്വർഗ്ഗം തുറന്നിറങ്ങുന്ന ആത്മാവ് അവന്റെമേൽ ഇറങ്ങി വസിക്കുന്നത്. പിതാവ് തന്റെ പ്രസാദം കൊണ്ട് പുത്രനെ ചുംബിക്കുന്നത് ( Mt: 3: 16 -17).

ഈ ആത്മബോധമാണ് ക്രിസ്തുവിനെ തന്റെ ഉത്തരവാദിത്വത്തെക്കുറിച്ച് ഓർമ്മിപ്പിക്കുന്ന ഉൾവെട്ടം. ദരിദ്രരെ സുവിശേഷമറിയിക്കാൻ........ അന്ധർക്കു കാഴ്ച, ബന്ധിതർക്കു മോചനം...... ( Lk: 4: 17 - 20) ഈ ദൗത്യങ്ങൾ ഏതു കാലഘട്ടത്തിനും പ്രസക്തമാണ് - ഈ കാലഘട്ടം ആവശ്യപ്പെടുന്ന പുനർവായനയുടെ മേഖലകളാണ് ഈ കുറിപ്പിലെ ചിന്തകൾ;

## — ദരിദ്രരെ സുവിശേഷം അറിയിക്കൽ...

ഈ ദാരിദ്ര്യത്തെ സാമ്പത്തികമായി വായിക്കപ്പെടരുത്. ആത്മാവിലുള്ള ദാരിദ്ര്യമെന്നോ ''യാഹ്‌വേയുടെ നിസ്വരെന്നോ'' വിളിക്കപ്പെടണം കാരണം ഭൗതികസമ്പത്തല്ല ഇതിന്റെ അളവുകോൽ. ഹൃദയത്തെ ഭരിക്കുന്ന നിന്റെ അഹത്തെ വെടിയുക - സ്വന്തമായും സ്വത്തായും ദൈവം മാത്രമേയുള്ളു എന്ന അവബോധമുണ്ടാകുക.... അങ്ങനെ പൂർണ്ണമായും ദൈവത്തിലാശ്രയിക്കുക. ബൈബിൾ ഭാഷയിൽ ഒരു ശിശുവാകുക. ''അബ്ബാ'' എന്നുവിളിക്കുന്ന പുത്രസ്വീകാരത്തിന്റെ ആത്മാവിനെ ലഭിക്കുന്നവരുടെ സ്വാതന്ത്ര്യമാണിത് ( Rom . 15: 16).

ദൈവത്തെ പിതാവേ, അബ്ബാ എന്നുവിളിക്കാൻ ഒരു ക്രൈസ്തവനെ ഒരുക്കുന്ന നവ സുവിശേഷവത്കരണത്തിന് സമയമായി എന്നാണ് ധ്വനി. ആഴങ്ങളിലേയ്ക്ക് നീക്കി വലയെറിയാൻ കടൽ ചൂണ്ടിക്കാണിക്കേണ്ടത് സഭയുടെ ദൗത്യം. നൊവേനകളിലും വെടിക്കെട്ടുകളിലും വലയെറിയുന്ന ഓളപ്പരപ്പുകളിൽനിന്ന് ഇനിയെങ്കിലും മനുഷ്യരെ മോചിപ്പിക്കേണ്ടതുണ്ട്.

## — ബന്ധിതർക്കു മോചനം നല്കാൻ...

ദൈവാത്മാവിന്റെ ചങ്ങലക്കണ്ണിയിലല്ലാതെ ബന്ധിക്കപ്പെടുന്നതൊക്കെ ബന്ധനങ്ങളാണെന്ന ചിന്തയോടെ ജീവിതത്തിന്റെ സമസ്ത മേഖലകളെയും ഒരു സ്കാനിങ്ങിനു വിധേയമാക്കാനുള്ള നിർദ്ദേശമാണ് ഈ വിമോചനത്തിന്റെ ആദ്യപടി.

ഇഷ്ടങ്ങളൊക്കെ ശരീരത്തിന്റെ കാമനകളിൽ ഒടുങ്ങുമ്പോൾ അവശേഷിക്കുന്ന അപരാധ ബോധത്തിന്റെ നീറ്റലിൽ തിരിച്ചറിയണം നിന്റെ ബന്ധത്തിൽ അഭിഷേകത്തിന്റെ കനലില്ലായിരുന്നെന്ന്..... ദാമ്പത്യബന്ധം പോലും സ്നേഹത്തിന്റെ കനൽ കെട്ടപ്പോൾ ഒരു ബന്ധനമായിരുന്നത്..... ആഗ്രഹിച്ച സുഖങ്ങളൊക്കെ ഒടുവിൽ നിന്നെ അടിമയാക്കിയത്, ഒടുവിൽ കീഴടക്കി ഭരിക്കണമെന്ന് തെറ്റിദ്ധരിച്ച് പ്രകൃതിയെപ്പോലും നിന്റെ ഉപഭോഗ തൃഷ്ണയ്ക്കുവേണ്ടി കൊന്നു തുടങ്ങിയത്......

ഏതെല്ലാം മേഖലകളാണ് ബന്ധനത്തിന്റെ കാലികചിത്രങ്ങൾ...

## - അന്ധർക്ക് കാഴ്ചയും...

കണ്ണുള്ളവർക്ക് ദർശനങ്ങളില്ലാത്തതാണ് ഈ കാലത്ത് നമ്മുടെ കാഴ്ചവട്ടങ്ങളുടെ ഭാരപ്പെടുത്തുന്ന ഏറ്റവും വലിയ സങ്കടം. അകക്കണ്ണുകൾക്ക് വെളിച്ചമില്ലാതെ പോകുന്നതും, കാഴ്ചയുടെ ദൂരത്തിനപ്പുറം പോകാത്ത കാഴ്ചപ്പാടുകളിൽ മനുഷ്യൻ കുരുങ്ങിക്കിടക്കുന്നതുമൊക്കെ കണ്ടിട്ട് പുതിയ ശുശ്രൂഷയുടെ സാദ്ധ്യതകളിലേയ്ക്ക്, കണ്ണിലെഴുതുന്ന അഞ്ജനമായി ക്രിസ്തു പടരേണ്ടതുണ്ട് എന്നു തോന്നുന്നു. ആസക്തിയുടെ തിമിരക്കണ്ണുകൾക്ക് മനുഷ്യനെ മരമായി മാത്രമേ കാണാനാകൂ. അധികാരത്തിന്റെ കണ്ണടകളിൽ അഹങ്കാരത്തിന്റെ നീലമറയുണ്ടെന്നറിയാതെ ശുശ്രൂഷാ സ്ഥാനങ്ങൾ അവമതിക്കപ്പെടുമ്പോൾ, ആത്മാവിനെ അയയ്ക്കുന്ന സ്വർഗ്ഗം തുറക്കാൻ പ്രാർത്ഥിക്കുക മാത്രം വഴി.

## - അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും...........

അധിനിവേശത്തിന്റെ ഫലമാണ് അടിച്ചമർത്തൽ.

ബൗദ്ധികമായ അധിനിവേശം - അത് നിരീശ്വരവാദ പ്രത്യയശാസ്ത്രത്തിന്റെ രാഷ്ട്രീയ മുഖമാണെങ്കിലും അടിസ്ഥാന വിശ്വാസമില്ലാത്ത ഭക്തി പ്രസ്ഥാനമാണെങ്കിലും അധിനിവേശങ്ങൾ ദൈവം നല്കിയ ധിക്ഷണാശക്തിയെ കറുപ്പു നല്കി മയക്കുന്നതാണ്.

സാംസ്കാരികമായ കടന്നുകയറ്റത്തിന്റെ വ്യാളീമുഖങ്ങൾ എളുപ്പത്തിൽ എണ്ണിയെടുക്കുവാൻ പറ്റാത്തവിധത്തിൽ മോർഫിങ്ങ് നടത്തി സാധാരണ ജീവിതത്തിലേയ്ക്ക് സ്വാഗതം ചെയ്യപ്പെട്ടിട്ടുണ്ട്. ''കടൽ കടന്നെത്തിയ പടിഞ്ഞാറൻ കാറ്റ് മരണം വിതച്ചു'' എന്നു കുറിച്ചത് മലയാളകവി സച്ചിദാനന്ദനാണ്.

പടിഞ്ഞാറൻ സംസ്കാരത്തിന്റെ അലയൊലികളിൽ കടപുഴകിയ സാസ്കാരികത്തനിമയെപ്പറ്റിയാണ് ഈ നൊമ്പരം. കുടുംബജീവിതം എന്ന പവിത്ര സങ്കൽപ്പവും വിവാഹം എന്ന കൂദാശയുമൊക്കെ പഴകിയ നാണയങ്ങളാകുന്നതാണ് ഈ അധിനിവേശത്തിന്റെ ഒന്നാം പാഠം . അങ്ങനെ ബഹുരാഷ്ട്രക്കുത്തകകളുടെ ഇറക്കുമതികളിൽ ഉൽപ്പന്നങ്ങളല്ല, ആശയങ്ങളാണ് എന്നും അതിന് നമ്മുടെ മസ്തിഷ്കങ്ങൾ വാടകയ്ക്കു കൊടുത്തു എന്നുമറിയുമ്പോഴേയ്ക്ക് നമ്മുടെ ദൈവാലയങ്ങളുടെ മൂലയിൽ ഒതുങ്ങിക്കൂടുന്ന വൃദ്ധരുടെ നെടുവീർപ്പുകൾ മാത്രമായിരിക്കും പ്രാർത്ഥനയുടെ പ്രത്യുത്തരങ്ങൾ .

''കർത്താവിന്റെ ആത്മാവ് ഉള്ളവരൊക്കെ'' ഒരു ബദൽശുശ്രൂഷയ്ക്ക് തങ്ങളെ ഒരുക്കട്ടെ. അങ്ങനെ ശിശുസഹജമായ നൈർമ്മല്യത്തോടെ ദൈവത്തെ ആശ്രയിക്കുന്ന ദൈവജനമുണ്ടാകാനുള്ള ആഴമായ ആത്മീയബോധം ഉരുവാക്കപ്പെടണം. അഭിഷേകത്തിന്റെ കനലുള്ള ബന്ധങ്ങളുണ്ടാകണം. അകക്കണ്ണിൽ ക്രിസ്തു തന്റെ അഞ്ജനമെഴുതുന്ന ദർശനങ്ങളുടെ സുകൃതങ്ങളുണ്ടാകണം മനുഷ്യർക്ക്; ഒടുവിൽ, അധിനിവേശങ്ങൾക്ക് തീറെഴുതിക്കൊടുക്കാത്ത ആത്മബോധത്തിന്റെ കുനിയാത്ത ഒരു ശിരസ്സും!

ഇതാണ് ഇന്ന് കർത്താവിന് സ്വീകാര്യമായ വത്സരം!

**ഫാ. അലക്സ് വേലച്ചേരിൽ.**